13050
8/12/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- അഭയയുടെ കീഴിൽ പ്രവർത്തിക്കുന്ന - ലഹരിചികിൽസാ പുനരധിവാസ കേന്ദ്രം 'ബോധി' - രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ ഉച്ചഭക്ഷണം - ധനസഹായം അനുവദിച്ചു ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാ.ധാ)നം. 717/2014/സാനീവ  തീയതി, തിരുവനന്തപുരം, 03.12.2014

---

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 15.11.14ലെ ജി3/30177/14 നം കത്ത്.
2. 18.11.2014ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## <u>ഉത്തരവ്</u>

തിരുവനന്തപുരം പൂജപ്പുരയിൽ അഭയയുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന സൗജന്യ ലഹരി ചികിത്സാകേന്ദ്രമായ ബോധി, IRCA-യ്ക്ക് (Integrated Rehabilitation Centre for Addicts) രോഗികൾക്കും, കൂട്ടിരിപ്പുകാർക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്നതിനായി 2235-60-200-83(P) ശീർഷകത്തിൽ നിന്നും 5,40,000/- രൂപ അനുവദിയ്ക്കണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) 18.11.2014ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം മേൽ നിർദ്ദേശം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ബോധി, IRCA, അഭയ, പൂജപ്പുര എന്ന സ്ഥാപനത്തിന് സൗജന്യ ഉച്ചഭക്ഷണ വിതരണ പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും 5,40,000/- രൂപ (അഞ്ചു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ.കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
സെക്രട്ടറി, ബോധി, IRCA, അഭയ, പൂജപ്പുര
അക്കൗണ്ടന്റ് ജനറൽ(എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ